പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 865 — 30/01/2019 ൽ മറുപടിക്ക്

**കന്നുകാലികളുടെ എണ്ണത്തിൽ ഉണ്ടായ കുറവ്**

ചോദ്യം — മറുപടി

**ശ്രീ.കെ.സി.ജോസഫ്:**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണത്തിൽ വൻ കുറവ് ഉണ്ടാകുന്നുവെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | എ) | പരിഗണിച്ചിട്ടുണ്ട് |
| ബി) | ഈ സാഹചര്യത്തിൽ നാടൻ പശുവിനങ്ങളുടെ വർദ്ധനവിനായി ഭ്രൂണമാറ്റ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | ബി) | നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | പശുക്കളുടെ എണ്ണം ക്രമാതീതമായി കുറയുന്നത് പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ഭീഷണി സൃഷ്ടിച്ചിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | പ്രളയകാലത്ത് കന്നുകാലി കർഷകർക്ക് ഉണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ | ഡി) | ഉണ്ട് . പ്രളയം മൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുകുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ എന്നിവയും.11.43 ലക്ഷം കോഴികളും, 4.6 ലക്ഷം താറാവുകളും നഷ്ട്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് 3416.93 ഹെക്ടർ |

| | | | |
|---|---|---|---|
| | | | സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നഷ്ട്ടപെട്ടതുമൂലം 3.7കോടിയുടെയും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളുടെ കേടുപാടുകൾ മൂലം 23 കോടി രൂപയുടെയും നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| ഇ) | നഷ്ടം സംഭവിച്ച കർഷകർക്ക് എന്തൊക്കെ ആശ്വാസ സഹായമാണ് ഇതിനകം നൽകിയതെന്ന് വിശദാമാക്കാമോ? | ഇ) | പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം അർഹതപ്പെട്ട 17.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി. നവകേരള സൃഷ്ടി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള 77 കോടി രൂപയുടെ പുനരധിവാസ പദ്ധതിക്കുള്ളിൽ പശു വളർത്തൽ, കിടാരി പരിപാലനം , കന്നുകുട്ടി പരിപാലനം , പന്നി വളർത്തൽ, കോഴി വളർത്തൽ , താറാവു വളർത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്ത് നിർമ്മാണം, എന്നിവയും ഇതിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ